**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 201** **22-02-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ പകർച്ചവ്യാധി വാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിൽ ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങളിലാണ് പകർച്ചവ്യാധി വാർഡുകൾ നിർമ്മിക്കുന്നതിന് പദ്ധതിയുള്ളത് എന്ന് വിശദമാക്കാമോ; | (എ) | സ.ഉ (ആർ.റ്റി) നം.1555/2021/ആ.കു.വ തീയതി 26.07.2021 ഉത്തരവ് പ്രകാരം കുറ്റ്യാടി നിയോജക മണ്ഡലത്തിൽ നിന്നും ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതിന് സാമൂഹികാരോഗ്യ കേന്ദ്രം, കുന്നുമ്മേൽ എന്ന ആരോഗ്യ സ്ഥാപനത്തെ തിരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ടി നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുന്നതിന് ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (ബി) | കോവിഡ് ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിനായുള്ള നിർവഹണ ഏജൻസി (SPV) KMSCL ആണ്. കുന്നുമ്മേൽ CHC യിലെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായുള്ള പ്രവർത്തി ഉത്തരവ് നൽകിയിട്ടുള്ളത് തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കാണ്. |
| (സി) | എത്ര നിലകളിലാണ് ഈ പ്രവൃത്തി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതെന്നും, ഭാവിവികസനം സാധിക്കുന്ന തരത്തിലാണോ കെട്ടിടം രൂപകൽപ്പന ചെയ്തിട്ടുള്ളതെന്നും അറിയിക്കാമോ ; | (സി) | ഒറ്റ നിലയുള്ള പ്രീ എഞ്ചിനിയേർഡ് സ്ട്രക്ചർ ഉപയോഗിച്ചുള്ള 2400 ചതുരശ്ര അടി വിസ്തീർണ്ണത്തിലുള്ള ഐസോലേഷൻ വാർഡാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ആവശ്യകതക്കനുസരിച്ച് ടി കെട്ടിടത്തിനകത്ത് രൂപമാറ്റങ്ങൾ വരുത്തുവാൻ സാധിക്കുന്നതാണ്. |
| (ഡി) | ടി പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ;വ്യക്തമാക്കുമോ ? | (ഡി) | പ്രവർത്തി അനുമതി നൽകി നാലര മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കുവാനാണ് നിശ്ചയിച്ചിരിക്കുന്നത്. നിർമ്മാണ പ്രവർത്തികൾക്കായുള്ള പ്രരംഭ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ